# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1324/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1324/2023 തീയ്യതി: 27/09/2023

## കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-08-2022 മുതൽ 02-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 03-08-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 03-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഗോകുൽ. ഡി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. ബാലൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മാത്യു കെ. എം. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജീവൻ. ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. സുഗതൻ മുക്കായി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. ഷെറീജ് ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. ആൽവിൻ വ്യാസ് | വെറ്റിനറി സർജൻ | 01-04-2022 | 28-09-2022 |
| ഡോ. ഷനോജ് കുമാർ | വെറ്റിനറി സർജൻ | 29-09-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു. ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. നികിത. ജെ | കൃഷി ഓഫീസർ | 01-04-2022 | 16-07-2022 |
| ശ്രീമതി. സൌമ്യ. എ | കൃഷി ഓഫീസർ | 21-07-2022 | 31-03-2023 |
| ശ്രീ. സാരംഗ്. ടി. എൻ | വി.ഇ.ഒ ഇൻചാർജ്, കണ്ണവം സർക്കിൾ | 01-04-2022 | 30-10-2022 |
| ശ്രീമതി. ഷിനി. പി | വി.ഇ.ഒ, കണ്ണവം സർക്കിൾ | 31-10-2022 | 31-03-2023 |
| ശ്രീ. സാരംഗ്. ടി. എൻ | വി.ഇ.ഒ, മാനന്തേരി സർക്കിൾ | 01-04-2022 | 30-10-2022 |
| ശ്രീമതി. ഷിനി. പി | വി.ഇ.ഒ ഇൻചാർജ്,, മാനന്തേരി സർക്കിൾ | 31-10-2022 | 07-11-2022 |
| ശ്രീ. സാരംഗ്. പി.കെ | വി.ഇ.ഒ, മാനന്തേരി സർക്കിൾ | 08-11-2022 | 31-03-2023 |
| ശ്രീമതി. ആശവല്ലി. എ. എ | ഹെഡ് മിസ്ട്രസ് | 01-04-2022 | 03-07-2022 |
| ശ്രീ. വിനോദ് കുമാർ | ഹെഡ് മാസ്റ്റർ | 04-07-2022 | 31-03-2023 |
| ശ്രീമതി. പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ്. ടി.ആർ | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

17-07-2022 മുതൽ 20-07-2022 വരെ കൃഷി ഓഫീസർ തസ്തിക ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ദുരിതാശ്വാസ നിധി ചെലവ് റസീറ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | ഗ്രാമസഭ | 1-10 |
| 14 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല. | 1-11 |
| 15 | അനധികൃത നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല -ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 16 | വസ്തു നികുതി പിരിവ് -ഭീമമായ കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു | 1-13 |
| 17 | കെട്ടിട വാടക വരവ് - സർക്കാർ അംഗീകൃത ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-14 |
| 18 | എഫ് ടി ഇ& ഒ എസ് ലൈസൻസ് - വ്യാപാരികളിൽ നിന്നും ചട്ട വിരുദ്ധമായി ഫീസ് ഈടാക്കുന്നു | 1-15 |
| 19 | ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 20 | സ്ത്രീകളുടെ ഫിറ്റ്നസ് സെന്റർ പ്രവർത്തനമാരംഭിച്ചില്ല.₹349555യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 21 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യാത്തത് - ₹35797യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 22 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല-₹1,32,150യുടെ ചെലവ് | 1-19 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 23 | എസ്.എസ്.എ വിഹിതം നൽകൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങളും നൽകിയ തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമല്ല.₹1424228 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 24 | സ്മാർട്ട് ഐ-ഫേസ് 1 തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹ 177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 25 | എ.ബി.സി പദ്ധതി ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 26 | ഐ.കെ.എം ന് വിഹിതം നൽകൽ - കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല ₹80312 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 27 | സ്വയം തൊഴിൽ വനിതാ ഗ്രൂപ്പ് സംരംഭം പദ്ധതി - കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ് -₹ 300000 തടസ്സപ്പെടുത്തുന്നു. | 1-24 |
| 28 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്. | 1-25 |
| 29 | ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനക്ഷമമാക്കലും സ്ത്രീ പദവി പഠനവും തുടർ പ്രവർത്തനമില്ല,മോണിട്ടറിംഗില്ല - ₹60195 തടസ്സപ്പെടുത്തുന്നു | 1-26 |
| 30 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി- വിവരം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 31 | പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-28 |
| 32 | ഞാലിൽ അത്തോളിമ്മൽ റോഡ് ടാറിങ് പ്രവൃത്തി- ബിൽ തുക നൽകിയതിൽ കാലതാമസം | 1-29 |
| 33 | ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് എഗ്രിമെന്റിന്റെ ഭാഗം ആക്കുന്നില്ല | 1-30 |
| 34 | റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് 10% ഷ്രെഡഡ് പ്ലാസ്റ്റിക് -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-31 |
| 35 | സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-32 |
| 36 | പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടപ്രകാരമുള്ള ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നില്ല | 1-33 |
| 37 | തനത് വരുമാനം-അവലോകനം | 1-34 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 162/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
27.09.2023

ഡെപ്യൂട്ടി ഡയറക്ടർ
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 1-1-1 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹272479 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-11361874 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി 1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2.കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 2011 പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-3 ദുരിതാശ്വാസ നിധി ചെലവ് റസീറ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ദുരിതാശ്വാസ നിധിയിനത്തിൽ തൻവർഷാരംഭത്തിൽ ₹21817 മുന്നിരിപ്പുണ്ടായിരുന്നു. RP-28 പ്രകാരം ഈയിനത്തിൽ ₹38236 വരവുണ്ട്.RP-40(b) പ്രകാരം ഈയിനത്തിൽ വർഷാവസാനം നീക്കിയിരിപ്പുള്ളത് ₹14553 ആണ്. ഇത് പ്രകാരം ₹45500 (21817+38236=60053;60053-14553=45500) ഈ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 26-3-2022 തീയതിയിലെ 85/2022 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04-03-2023 ലെ 53/2023 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 16448066.15 | 20499013 |
| വരവ് | 227622500 | 252369843 |
| ആകെ | 244070566.15 | 272868856 |
| ചെലവ് | 226132330 | 265112365 |
| നീക്കിയിരിപ്പ് | 17938236.15 | 7756491 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24877736 |
| വരവ് | 41684990 |
| ആകെ | 66562726 |
| ചെലവ് | 41412511 |
| നീക്കിയിരിപ്പ് | 25150215 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 2659237 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18453000 | 18453000 | 18453000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 632000 | 632000 | 632000 | 0 |
| വികസന ഫണ്ട്-ടി എസ് പി(ACR) | 0 | 2881000 | 2881000 | 2880885 | 115 |
| മെയിന്റനൻസ് റോഡ് (ACR) | 0 | 6209000 | 6209000 | 4547449 | 1661551 |
| മെയിന്റനൻസ് നോൺറോഡ് (ACR) | 0 | 5068000 | 5068000 | 4344090 | 723910 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – Basic | 148547+ 100268 (പലിശ) | 4049959 | 4298774 | 3843612 | 455162 (പലിശഉൾപ്പെടെ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 6166203 (₹2577049 ട്രഷറി ഉൾപ്പെടെ) | 8200249 | 11789403 | 4227515 | 7561888 (₹2161832 ട്രഷറി ഉൾപ്പെടെ) |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | 1685550 | 1409400 | 3094950 | 156304 | 2938646 |
| ടി എസ് സി | 1062006 | 34699 | 1096705 | 35637 | 1061068 |
| എം പി ഫണ്ട് | 32374 | 902 | 33276 | 0 | 33276 |
| ഹെൽത്ത് ഗ്രാന്റ് KL281 | 0 | 266077 | 266077 | 0 | 266077 |
| ഹെൽത്ത് ഗ്രാന്റ് KL278 | 0 | 424191 | 424191 | 145077 | 279114 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 24268 | 700 | 24968 | 0 | 24968 |
| ലൈഫ് മിഷൻ | 840000 | 4800000 | 5640000 | 1970000 | 3670000 |
| പകർച്ചവ്യാധി നിയന്ത്രണം | 70000 | 0 | 70000 | 70000 | 0 |
| പ്രത്യേകോദ്ദേശ ഗ്രാന്റ് വിമുക്തി + അംഗൻവാടി ബോർഡ് | 21900 + 3000 | 0 | 21900 + 3000 | 0 | 21900 + 3000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 209 | 100879645 | 154 | 51295248 | 40 | 55 | 114 | 54.54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 2019130 | 1964128 | 97.28 |
| വെറ്റിനറി സർജ്ജൻ | 10 | 10 | 1966900 | 1966774 | 99.99 |
| മെഡിക്കൽഓഫീസർ, പി.എച്ച്. സി | 6 | 3 | 2368132 | 1116847 | 47.16 |

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 100000 | 40000 | 40 |
| വി.ഇ.ഒ | 23 | 21 | 32234891 | 9036993 | 28.03 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 10 | 7057960 | 6221399 | 88.15 |
| സെക്രട്ടറി | 33 | 27 | 16208727 | 10565949 | 65.19 |
| ഹെഡ് മാസ്റ്റർ | 14 | 12 | 1846960 | 1382117 | 74.83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 43 | 33056390 | 15525599 | 46.97 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2100000 | 1688826 | 80.42 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 13 | 1920555 | 1786616 | 93.03 |
| ആകെ | 209 | 154 | 100879645 | 51295248 | 50.85 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2210 | 786740 | 788950 | 778431 | 10519 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽ ചെലവ് | 0 | 55821884 | 55821884 | 55821884 | 0 |
| | 2210 | 56608624 | 56610834 | 56600315 | 10519 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 7887600 | 557 |
| വിധവാ പെൻഷൻ | 16879200 | 1231 |
| വാർദ്ധക്യകാല പെൻഷൻ | 23595200 | 1938 |
| വികലാംഗ പെൻഷൻ | 4369800 | 321 |
| അവിവാഹിത പെൻഷൻ | 3728200 | 265 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-08-2023 തീയതിയിൽ 10.55 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ

പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും 2022-23 വർഷം ഗ്രാമസഭകൾ 4 തവണ വീതം യോഗം ചേർന്നിട്ടുണ്ട്. 2022-23 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം, 2021-22 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, വാതിൽ പടി സേവനം ലഭ്യമാക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിന് നാളിതുവരെ നികതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ തീയ്യതി (പെർമിറ്റ് കാലാവധി 5 വർഷം) | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയപ്രകാരം നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | 15/244A | നരിക്കോടൻ സത്യൻ, കുന്നമ്മൽ ഹൗസ്, അമ്പായക്കാട്, മാനന്തേരി | A2-BA(91065)/2018, 25-04-2018 | 77.65ച.മീ (Exi) 46.42ച.മീ (Pro) | താഴത്തെ നില 57 ച. മീ |
| 2 | 13/175 | അമ്പിടാട്ട് രാജൻ മാനന്തേരി, 670643 | A2-BA(83256)/2018, 13-04-2018 | 69.54 ച.മീ(Exi) 46.21ച.മീ(Pro) | താഴത്തെ നില 81 ച. മീ |

പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ഒക്യുപ്പൻസി അനുവദിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.33/10-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്. പെർമിറ്റിനായുള്ള അപേക്ഷകളിൽ നിലവിലുള്ള വിസ്തീർണ്ണം രേഖപ്പെടുത്തിയതും നികുതി ഈടാക്കുന്ന വിസ്തീർണ്ണവും പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്. നിജസ്ഥിതി പരിശോധിച്ച് നികുതിചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-12 അനധികൃത നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല -ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

അനധികൃത കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുവാൻ കെട്ടിട ഉടമകൾ സമർപ്പിച്ച അപേക്ഷ പ്രകാരം (2018-19 ലെ അപേക്ഷ) പെർമിറ്റ് അനുവദിക്കപ്പെട്ട ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നാളിതുവരെ ഒക്യുപൻസി അനുവദിച്ച് ബിൽഡിംഗ് നമ്പർ നൽകുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഫയൽ നം | പെർമിറ്റ് നം | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഫയൽ പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ ഘട്ടം |
|---|---|---|---|---|---|---|
| 1 | A2-6947/18 | A2-BA(6936)/2019, 20-12-2018 | കുഞ്ഞീം വീട്ടിൽ ആസ്യ, കണ്ണവം, പാറക്കണ്ടി | റെസിഡെൻഷ്യൽ ബിൽഡിംഗ് | GF:83.35ച.മീ FF:26.55ച.മീ | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു |
| 2 | A2-6256/18 | A2-BA(288196)2018, 16-11-2018 | പോയ അശോകൻ, പറമ്പുകീഴിൽ, കൈച്ചേരി | റെസിഡെൻഷ്യൽ ബിൽഡിംഗ് | GF:93.82ച.മീ FF:11.50ച.മീ | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു |

പ്രസ്തുത വിഷയത്തിൽ കൈക്കൊണ്ട തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/10-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചത് ഗ്രാമ പഞ്ചായത്ത് അധികൃതർക്ക് ബോധ്യപ്പെട്ടിട്ട് 4 വർഷത്തിലധികമായിട്ടും ഒക്യുപെൻസി അനുവദിച്ച് വസ്തു നികുതി കണക്കാതിരുന്നത് ഗുരുതരമായ വീഴ്ച്ചയാണ്. പ്രസ്തുത കെട്ടിടങ്ങൾ ഫീൽഡ് തല പരിശോധന നടത്തി നിലവിലെ സ്ഥിതി വിലയിരുത്തേണ്ടതും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് മുതലുള്ള വസ്തു നികുതി പിഴ സഹിതം ഈടാക്കി (1994 ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (ഇ) കാണുക) വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി പിരിവ് -ഭീമമായ കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു

I)നോൺ റസിഡൻഷ്യൽ കെട്ടിട ഉടമകളിൽ നിന്നും ഭീമമായ വസ്തു നികുതി കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു – ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ തൻ വർഷ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ₹3,88,010 യും മുൻ വർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ ₹23,562 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

II)മൊബൈൽ ടവർ ഉടമയിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു -ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന XV/223 നമ്പർ മൊബൈൽ ടവറിന്റെ ഉടമയിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 17,325/- രൂപ ഈടാക്കാനവശേഷിക്കുന്നു (സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി പിരിവ് (ഡിമാൻഡ് ,കളക്ഷൻ,ബാലൻസ്) പരിശോധിച്ചതിൻ പ്രകാരം)

| വാർഡ് നമ്പർ/കെട്ടിട നമ്പർ | കമ്പനിയുടെ പേര് | വാർഷിക നികുതി | ഈടാക്കുവാനുള്ള സാമ്പത്തിക വർഷം | കുടിശ്ശിക |
|---|---|---|---|---|
| XV/223 | നെറ്റ് വയർലസ് ലിമിറ്റഡ്, ഡിഷ് മാനന്തേരി, 670643 | 3300+165 (Library Cess)=3465 | 2018-19 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ | 17,325/- |

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/9-08-2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പറഞ്ഞിരിക്കുന്ന നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിൽ നിന്നുള്ള (മൊബൈൽ ടവറിന്റെ ഉൾപ്പെടെ) വസ്തു നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം(1994 ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (ഇ) കാണുക) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-14 കെട്ടിട വാടക വരവ് - സർക്കാർ അംഗീകൃത ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കണ്ണവം ടൗണിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടമുറികൾ(8

കടമുറികൾ) വാടകയ്ക്ക് നൽകിയ ഇനത്തിൽ 2022-23 സാമ്പത്തിക വർഷം 86,316/-രൂപ വരവ് വന്നിട്ടുണ്ട്. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയ സർക്കാർ അംഗീകൃത ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/5-08-2023) ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം 1990-95 ഭരണ സമിതിയുടെ കാലത്താണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ആ സമയത്ത് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി മനസിലാക്കുന്നു എന്നും നിലവിൽ ആയതിന്റെ പകർപ്പുകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, കടമുറികൾ എന്നിവ വാടകയ്ക്ക് നൽകുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) എന്നിവ പ്രകാരം ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടകക്കാരിൽ നിന്നും വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്/ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ വാടക ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും വാടക ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയത് തയ്യാറാക്കി സർക്കാർ അംഗീകാരം നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-15 എഫ് ടി ഇ& ഒ എസ് ലൈസൻസ് - വ്യാപാരികളിൽ നിന്നും ചട്ട വിരുദ്ധമായി ഫീസ് ഈടാക്കുന്നു

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ടപ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500,1000,5000,10000,15000 എന്നിങ്ങനെയാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും ഇത് പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപനം/ലൈസൻസ് നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഈടാക്കിയ തുക/ രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 1 | സോമിൽ, ഫർണിച്ചർ (212) | 9/277,278,276A,276B,276C | എം.എം തോമസ് & ബാബു പി ചാക്കോ | 2000/- (121030106982/26-03-2022) |
| 2 | സാക്കി അക്വാ എക്സ്പോർട്സ് (153) | 11/368 | നൗഷാദ് കുന്നുമ്മൽ | 2500/- (1220100312/5-05-2022) |
| 3 | പാനൽ ബേസ്ഡ് മാനുഫാക്ചറിംഗ് യൂണിറ്റ് (31) | 13/424 | രഗീഷ് സി | 2500/- (121030105780/16-02-2022) |
| 4 | പ്രൊഡക്ഷൻ ഓഫ് പിവിസി വയറിങ് പൈപ്പ്(17) | 13/444 | സിഎം സതീശൻ | 2000/- (121030105760/16-02-2022) |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം,ഗ്രാമ പഞ്ചായത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ഫീസ് നിരക്കുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനം എന്നിവ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/4-08-2023) ലൈസൻസ് ഫീ ക്രമീകരിച്ച് കൊണ്ട് ഗ്രാമ പഞ്ചായത്ത് പ്രത്യേക തീരുമാനം കൈക്കൊണ്ടിട്ടില്ലെന്നും, മേൽ പട്ടികയിലെ ക്രമ നമ്പർ 1,3,4 എന്നിവർ വളരെക്കാലമായി ലൈസൻസ് പുതുക്കി വരുന്ന സ്ഥാപനങ്ങളായതിനാൽ മുൻ വർഷത്തെ ലൈസൻസ് ഫീ തന്നെ ഈടാക്കുകയാണുണ്ടായതെന്നും, ക്രമ നമ്പർ 2 ന് ലൈസൻസ് ഫീ ചട്ടത്തിലെ പട്ടിക 2 പ്രകാരം (സർവീസ് മേഖലയിൽ ഉൾപ്പെടുന്ന മൂലധനം 50 ലക്ഷം മുതൽ 2 കോടി വരെ) ചുമത്തേണ്ടിയിരുന്ന പരമാവധി ലൈസൻസ് ഫീ 5000/- രൂപയാണെങ്കിലും സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം (62.75 ലക്ഷം രൂപ) പരിഗണിച്ചാണ് 2500/- രൂപ ലൈസൻസ് ഫീസായി ഈടാക്കിയതെന്നും മറുപടി

സമർപ്പിച്ചിട്ടുണ്ട് .

ഗ്രാമ പഞ്ചായത്തിൽ നിലവിൽ FTE&OS ലൈസൻസ് ഫീ നിരക്കുകൾ ക്രമീകരിച്ച് കൊണ്ട് പ്രത്യേക തീരുമാനം ഒന്നും തന്നെ കൈക്കൊള്ളാത്തതിനാൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ചട്ടം (1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതും, ക്രമ നമ്പർ.2 സ്ഥാപനത്തിന്റെ ലൈസൻസ് ഫീ കണക്കാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. സംരംഭകരിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട 2018-19 വർഷം മുതലുള്ള ഇ-ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം 2021-2022 വരെ 164836രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2018-19 | 58324 |
| 2 | 2019-20 | 25500 |
| 3 | 2020-21 | 35412 |
| 4 | 2021-22 | 45600 |
| | ആകെ | 164836 |

2022-23 വർഷം മുതൽ സെക്രട്ടറിയുടെ പേരിൽ കൂത്തുപറമ്പ് എസ്.ബി.ഐ യിലുള്ള 37450277352 നമ്പർ അക്കൗണ്ടിലേക്കാണ് ഇ-ടെണ്ടർ ഫീസ് ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/07-08-2023) സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 സ്ത്രീകളുടെ ഫിറ്റ്നസ് സെന്റർ പ്രവർത്തനമാരംഭിച്ചില്ല.₹349555യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/ പേര് | 123/23 സ്ത്രീകളുടെ ഫിറ്റ്നസ് സെന്റർ സജ്ജീകരണവും ഉപകരണങ്ങൾ വാങ്ങലും |
| അടങ്കൽ | ₹ 200000 വികസന ഫണ്ട്<br>₹200000 ജില്ലാപഞ്ചായത്ത് വിഹിതം<br>ആകെ ₹400000 |
| ചെലവ് | ₹149555 വികസന ഫണ്ട്<br>₹200000 ജില്ലാപഞ്ചായത്ത് വിഹിതം<br>ആകെ ₹349555 |
| ബിൽ നമ്പർ /തീയതി | 22220452011701573463/31-03-23 ₹149555<br>22220452011701480111/25-03-23 ₹200000 |

മാനന്തേരി പ്രദേശത്ത് സ്ത്രീകളുടെ ഫിറ്റ്നസ് സെന്റർ സജ്ജീകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയത് പ്രകാരം ടെണ്ടർ വിളിച്ച് ₹349555യുടെ താഴെ കൊടുത്ത ഉപകരണങ്ങൾ വാങ്ങിയിട്ടുമുണ്ട്.

| ക്രമ നമ്പർ | ഉപകരണം | എണ്ണം | നിരക്ക്₹ |
|---|---|---|---|
| 1 | ട്രഡ് മിൽ | 2 | 87210 |
| 2 | സ്പിൻബൈക്ക് | 2 | 31641 |
| 3 | ട്വിസ്റ്റർ(സിറ്റിങ്&സ്റ്റാൻഡിങ്) | 2 | 13125 |
| 4 | Ab King | 1 | 7875 |
| 5 | Dumbbell 2kg | 2 | 314.57 |
| 6 | Dumbbell 2.5kg | 2 | 392 |
| 7 | Dumbbell 5kg | 2 | 784 |
| 8 | Dumbbell 7.5kg | 2 | 1176 |
| 9 | Dumbbell 10kg | 2 | 1568 |
| 10 | Colour Triangle Design Plates | 54kg | 157.5 |
| 11 | Gym Ball | 3 | 600 |
| 12 | Medicine Ball 1kg | 1 | 645 |
| 13 | Medicine Ball 2kg | 1 | 870 |
| 14 | Medicine Ball 3kg | 1 | 1080 |
| 15 | Weighing Scale | 1 | 1042.5 |
| 16 | Jumping Rope | 2 | 150 |
| 17 | Plain Rod | 1 | 1694.91 |

ഈ ഉപകരണങ്ങൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നെസ് സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/08.08.23) മറുപടിയായി, വാങ്ങിയ ഉപകരണങ്ങൾ 9ാം വാർഡിലെ ഇരട്ടക്കുളങ്ങര അംഗൻവാടിയുടെ മുകൾ നിലയിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ഇവിടെയാണ് ഫിറ്റ്നസ് സെന്റർ തുടങ്ങാൻ ഭരണസമിതി തീരുമാനിച്ചിരിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. മുകൾ നിലയിൽ കറണ്ട് കണക്ഷൻ ലഭ്യമാകാത്തതിനാൽ ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും കണക്ഷൻ ലഭ്യമാകുന്ന മുറക്ക് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് നടത്തിയിട്ടില്ല. കറണ്ട് കണക്ഷൻ ലഭ്യമായി സെന്റർ പ്രവർത്തനം ആരംഭിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രോജക്റ്റ് ലക്ഷ്യം കാണുന്നത് വരെ ₹349555യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തീകരണത്തിന്റെ വിശദവിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യാത്തത് - ₹35797യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 121/23 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | ₹ 300000 വികസന ഫണ്ട് |
| ചെലവ് | ₹264553 |
| ബിൽ നമ്പർ /തീയ്യതി | 222204520117013249 05/08-03-23 ₹264553 |

മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഉപകരണ നിർണ്ണയ ക്യാമ്പ് നടത്തി ലഭിച്ച ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത

അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും ലഭിച്ച ശേഷം മുൻഗണനാ മാനദണ്ഡ പ്രകാരം ഉപകരണം നൽകുക എന്നതാണ് വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ എന്ന മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇതിൻ പ്രകാരം KERALA STATE HANDICAPPED PERSON`S WELFARE CORPORATION ൽ നിന്നും മുകളിൽ കൊടുത്ത പ്രകാരം തുക ചെലവഴിച്ച് താഴെ പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ഫോൾഡിംഗ് വാക്കർ ഡീലക്സ് 39 എണ്ണം

ക്രോംപ്ലേറ്റഡ് വീൽ ചെയർ 24 എണ്ണം

വാക്കിംഗ് സ്റ്റിക്ക് ഡീലക്സ് 14 എണ്ണം

മുകളിൽ കൊടുത്ത പ്രകാരം വാങ്ങിയ ഉപകരണങ്ങളിൽ 3 വീൽ ചെയറും (₹7456x3=22368:including 5%tax-₹23,486) 7 വാക്കറുകളും (₹1675x7=11,725:including 5%tax=₹12311) ഗുണഭോക്താക്കൾ ആവശ്യമില്ല എന്നറിയിച്ചതിനാൽ വിതരണം ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 13/08.08.23ന് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ആവശ്യകത ശരിയായി ഉറപ്പു വരുത്താതെ ഉപകരണങ്ങൾ വാങ്ങിച്ചത് നിർവ്വഹണത്തിലെ പോരായ്മയാണ്. ഭരണ സമിതി അംഗീകരിച്ച ലിസ്റ്റിൽ ബാക്കിവന്ന ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള അനുമതിക്കായി ഭരണസമിതിക്ക് കത്തു നൽകിയിട്ടുണ്ടെന്നും അനുമതി ലഭ്യമായാൽ വിതരണം നടത്തുന്നതാണെന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്. ഇത്തരമൊരു പദ്ധതി നടപ്പാക്കുമ്പോൾ അവശ്യം നടത്തേണ്ടിയിരുന്ന മോണിട്ടറിംഗ് നടത്താതിരുന്നതും അപാകത്തിന് കാരണമായിട്ടുണ്ട്. തുടർനടപടി പൂർത്തിയാക്കി വിവരം അറിയിക്കുന്നത് വരെ വിതരണം ചെയ്യാതെ ബാക്കിയുള്ള ഉപകരണങ്ങളുടെ വിലയായ ₹35797 (₹23486+₹12311)-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ വിതരണം ചെയ്ത വിവരം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല-₹1,32,150യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 24/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹ 300000 റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹300000 |
| ബിൽ നമ്പർ /തീയ്യതി | 22220452011300813594/24.11.22 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി ₹300000 , മുകളിൽ കൊടുത്ത പ്രകാരം ഹോംകോയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (ഹോംകോ രശീതി നമ്പർ 6947/11.01.23). 25-11-22ന് തന്നെ തുക ഹോംകോയ്ക്ക് ലഭിച്ചതായി സെക്രട്ടറിക്കയച്ച HCO/SA/435/2023 /07-02-23 മ്പർ കത്തിൽ ഹോംകോ അറിയിച്ചിട്ടുണ്ട്. ₹174690 യുടെ മരുന്നുകൾ TAX INVOICE നമ്പർ എൽ.എഫ് 340/21-06-23 പ്രകാരം പാഴ്സൽ അയച്ചുവെങ്കിലും കെ.ആർ.എസ് പാഴ്സൽ വഴി അയച്ച 58 ബോക്സുകളിൽ 57 എണ്ണം മാത്രമെ ലഭ്യമായുള്ളൂ എന്നും 6840 രൂപ വില വരുന്ന ഒരു ബോക്സ് മരുന്ന് ലഭ്യമായില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10-07-23 ന് എ3-3315/2022 നമ്പർ കത്ത് പ്രകാരം ഹോംകോയെ അറിയിച്ചിട്ടുണ്ട്. കുറവ് വന്ന 6840 രൂപ വില വരുന്ന ഒരു ബോക്സ് മരുന്നും 300000 രൂപയിൽ ബാക്കിയുള്ള 125310രൂപയുടെ മരുന്നുകളും ഡിസ്പെൻസറിയിൽ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/08.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വിലയായ ₹1,32,150 (125310+6840)-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്ററും വിശദവിവരവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 എസ്.എസ്.എ വിഹിതം നൽകൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങളും നൽകിയ തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമല്ല.₹1424228 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 76/23 എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | ₹ 1424228 വികസന ഫണ്ട് |
| ചെലവ് | ₹1424228 |
| ബിൽ നമ്പർ /തീയ്യതി | 22220452011300598699/30.09.22 |

എസ്.എസ്.എ വിഹിതം നൽകൽ എന്ന മേൽ പദ്ധതി പ്രകാരം, ₹1424228 ഗ്രാമപഞ്ചായത്ത് സെക്രട്ടറി എസ്.എസ്.എ പ്രോജക്ട് ഡയറക്ടർക്ക് മുകളിൽ കൊടുത്ത പ്രകാരം കൈമാറിയിട്ടുണ്ട്. (₹1755512 ആയിരുന്ന എസ്.എസ്.എ ആവശ്യപ്പെട്ടത്.) പതിനാലാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം 84/2022/ത.സ്വ.ഭ.വ തീയ്യതി 19.01.2022) ഖണ്ഡിക 8.6(3) പ്രകാരം എസ്.എസ്.കെ പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ഇടപെടലുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സ.ഉ(കൈ)നം 84/2022/ത.സ്വ.ഭ.വ തീയ്യതി 19.01.2022 ഖണ്ഡിക 8.6(4)ൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണം എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/08.08.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂൾ പ്രധാന അധ്യാപകരിൽ നിന്നും, 2022-23 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSAനിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവർത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഐ.സി.ടി ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ.

2. SSK ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും, 2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക്/നിർമ്മാണ/പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

എന്നാൽ ഈ വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം, നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദവിവരം എന്നിവ ലഭ്യമാക്കാത്തതിനാലും പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിലും ₹1424228 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിവരങ്ങളും രേഖകളും ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സ്മാർട്ട് ഐ-ഫേസ് 1 തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹ 177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 258/23 സ്മാർട്ട് ഐ ഫേസ് 1 |
| അടങ്കൽ | ₹ 177000 തനത് ഫണ്ട് |
| ചെലവ് | ₹ 177000 |
| വൗച്ചർ നമ്പർ /തീയ്യതി | 22200848/17.03.23 |

സ്മാർട്ട് ഐ ക്യാമറാസംവിധാനം ഒരുക്കുന്നതിന് ഇന്റർ കണക്ടിവിറ്റി സൗകര്യങ്ങളും ഒരു 4mp നെറ്റ് വർക്ക് ക്യാമറയും 300VA പവർ ഒപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്നതിന് വേണ്ടിയുള്ള പ്രോജക്ടാണിത്. ഇതനുസരിച്ച് ₹ 177000 കണ്ണൂർ ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/05.08.23) ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 എ.ബി.സി പദ്ധതി ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 241/23 എ.ബി.സി പദ്ധതി ജില്ലാ പഞ്ചായത്തിന് തുക നൽകൽ |
| അടങ്കൽ | ₹ 100000 വികസന ഫണ്ട് |
| ചെലവ് | ₹100000 |
| വൗച്ചർ നമ്പർ /തീയ്യതി | 2222045201130l202406/16.02.23 |

23.08.22 തീയ്യതിയിലെ 2065/2022/LSGD ഉത്തരവനുസരിച്ച് എ.ബി.സി പദ്ധതിക്കായി മൃകളിൽ കൊടുത്ത പ്രകാരം ₹100000 ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഐ.കെ.എം ന് വിഹിതം നൽകൽ - കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല ₹80312 ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 75/23 ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹ 80312 വികസന ഫണ്ട് |
| ചെലവ് | ₹80312 |
| ബിൽ നമ്പർ /തീയ്യതി | 22220452011300598699/19.09.22 |

ഐ.കെ.എംന് വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി ₹80312 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/05.08.23) സെക്രട്ടറി മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ ഇനത്തിലെ ₹80312-ടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സ്വയം തൊഴിൽ വനിതാ ഗ്രൂപ്പ് സംരംഭം പദ്ധതി - കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ് -₹ 300000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാനന്തേരി സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 235/2023 സ്വയം തൊഴിൽ വനിതാ ഗ്രൂപ്പ് സംരംഭം |
| അടങ്കൽ | ₹600000 വികസന ഫണ്ട് ജനറൽ<br>₹200000 ബാങ്ക് ലോൺ<br>ആകെ : ₹ 800000 |
| ചെലവ് | ₹300000 |
| ബിൽ നമ്പർ,തീയതി,തുക | 22220452011501574037/31-03-2023, ₹300000 |

സ്വയം തൊഴിൽ വനിതാ ഗ്രൂപ്പ് സംരംഭം പദ്ധതി വഴി വനിതാ ഗ്രൂപ്പിൽ ഉൾപ്പെട്ട സോപാനം ജെ.എൽ.ജി ഗ്രൂപ്പിന് ടെയ്‌ലറിങ് ആൻഡ് ടെക്സ്റ്റൈൽസ് യൂനിറ്റ് ആരംഭിക്കുന്നതിനായി ബാങ്കിൽ നിന്നും വായ്പാ അനുവദിച്ച മുറക്ക് സബ്സിഡി തുക മൂന്ന് ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിൽ നല്കിയിട്ടുണ്ട്. ( കേരള ഗ്രാമീണ ബാങ്ക് ചിറ്റാരിപ്പറമ്പ് ശാഖാ :അക്കൗണ്ട് നമ്പർ : KLGB0040480//40480101067127) സോപാനം ജെ.എൽ.ജി ഗ്രൂപ്പ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിലെ ഫിനാൻഷ്യൽ അനാലിസിസ് പ്രകാരം ആകെ പ്രോജക്ട് കോസ്റ്റ് 482483 (300000 രൂപ പഞ്ചായത്ത് സബ്സിഡി ഉൾപ്പെടെ) രൂപയാണ് .ആസ്തി ആയി വാങ്ങിക്കുവാൻ ഉദ്ദേശിച്ച സാമഗ്രികളുടെ കോസ്റ്റ് 96000 രൂപയും ബാക്കി പ്രവർത്തന മൂലധനം 386483 രൂപയുമാണ്

പരിശോധനക്ക് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം സംരംഭത്തിന് ഓഡിറ്റ് തീയതി വരെ ചെലവായ തുക താഴെ പറയും പ്രകാരമാണ്

ഫിക്സഡ് ക്യാപിറ്റൽ (പ്ലൈവുഡ് ടേബിൾ, ജിൻഡാൽ തയ്യൽ മെഷീൻ) :86110

വർക്കിംഗ് ക്യാപിറ്റൽ (ടെക്സ്റ്റൈയ്ൽ മെറ്റീരിയൽ ): 99016

ആകെ ചെലവ് : 185126

സംരംഭം തുടങ്ങിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംരംഭത്തിന്റെ ലോൺ അക്കൗണ്ട് നമ്പർ : 48015327000123/15-03-2023 ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്, ടി അക്കൗണ്ടിലേക്ക് ബിൽ പ്രകാരം കൈമാറിയ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള ഗ്രാമീണ ബാങ്ക് ചിറ്റാരിപ്പറമ്പ് ശാഖ മാനേജരുടെ 15-03-2023 ലെ കത്ത് പ്രകാരം പഞ്ചായത്ത് സബ്സിഡി ഉൾപ്പെടെ 4 ലക്ഷം രൂപയാണ് ലോൺ അനുവദിച്ചിട്ടുള്ളത്. ലോൺ അക്കൗണ്ട് ബാങ്ക് പാസ്ബുക്ക് /സ്റ്റേറ്റ്മെൻറ് ലഭ്യമാക്കിയിട്ടില്ല. സംരംഭത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന ചെലവ്

185126 രൂപ മാത്രമാണ്. ആകെ പ്രോജക്ട് ചെലവിന്റെ 75% എന്ന നിരക്കിൽ ആണ് സബ്സിഡി അനുവദിച്ചത്. ആകെ പ്രോജക്ട് ചെലവ് പ്രൊജക്ടിൽ വിഭാവനം ചെയ്ത പ്രകാരം വരുന്നില്ല എങ്കിൽ യഥാർത്ഥത്തിൽ ചെലവായ തുകയുടെ 75% എന്ന നിരക്കിൽ കണക്കാക്കി സബ്സിഡി പുനർ നിർണ്ണയിക്കേണ്ടതാണ്. മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുന്നതിലേക്കും സ.ഉ.(കൈ)115/22/തസ്വഭവ 28.05.2022 ഖണ്ഡിക 6.5.2(എ)(4)-ൽ നിർദ്ദേശിച്ച വിധം ഉത്തരവാദപ്പെട്ട വ്യക്തികളുടെ വിലയിരുത്തൽ റിപ്പോർട്ടും പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കുന്നതിലേക്ക് സബ്സിഡി തുക 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ് മെന്റ് മാന്വലിലെ ഖണ്ഡിക2-2 ൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ കമ്മിറ്റിയുടെ മിനട്സ് പരിശോധനക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/09-08-2023) മറുപടി നല്കിയിട്ടില്ല.

19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്. അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-26 ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനക്ഷമമാക്കലും സ്ത്രീ പദവി പഠനവും തുടർ പ്രവർത്തനമില്ല,മോണിട്ടറിംഗില്ല - ₹60195 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 186/23 സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹100000 വികസന ഫണ്ട് |
| ചെലവ് | ₹10995 ₹49200 = ₹60195 |
| ബിൽ നമ്പർ /തീയ്യതി | 22220452011701467196/24.03.23<br>22220452011901524670/28.3.23 |

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുകയും ചെയ്യലാണ് വനിതാഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.സ.ഉ(കൈ)നം84/2022/ത.സ്വ.ഭ.വ തീയ്യതി 19.04.22 ഖണ്ഡിക6.3.1യിലെ നിർദ്ദേശ പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാഘടകപദ്ധതി എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിനായി വാർഡ്തല ട്രെയിനിംഗ് നൽകിയതിനാണ് ₹10995 ചെലവഴിച്ചിരിക്കുന്നത്. മേൽ മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.1(1)ലെ നിർദ്ദേശ പ്രകാരമുള്ള ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (7/05.08.2023), പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും നിലവിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ താൽക്കാലികമായി സി.ഡി.എസ് ഓഫീസിലാണ് സെന്റർ പ്രവർത്തിക്കുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. തൻവർഷം പ്രോജക്ട് നമ്പർ122/23 ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനക്ഷമമാക്കൽ എന്ന പ്രോജക്ട് നടപ്പാക്കി ₹49200 വികസനഫണ്ട് ചെലവഴിച്ച് (ബിൽ നമ്പർ /തീയ്യതി 22220452011701524670/28.03.23) താഴെ പറയും പ്രകാരം ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

എക്സിക്യൂട്ടീവ് ടേബിൾ 1

ആം ചെയർ 6

എക്സിക്യൂട്ടീവ് ചെയർ 2

ഈ ഫർണിച്ചറുകൾ പാക്ക് ചെയ്ത അവസ്ഥയിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. തൻ വർഷം ജന്റർ റിസോഴ്സ് സെന്റർ ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക 6.3.1(2)ലെ നിർദ്ദേശ പ്രകാരമുള്ള കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററെ നിയമിക്കുന്നതിനായി ഇന്റർവ്യൂ നടത്തി, നിയമന ഉത്തരവ് ഉദ്യോഗാർത്ഥിക്കയച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അവരുടെ സേവനം സ്ത്രീ പദവി പഠനത്തിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് അക്കാദമിക് സമിതി രൂപീകരിച്ചതിന്റെയും വിവരശേഖരണം, വിശകലനം തുടങ്ങിയ സ്ത്രീപദവി പഠന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഠനസംഘങ്ങൾ രൂപീകരിച്ചതിന്റേയും ബ്ലോക്ക് തലത്തിൽ സ്ത്രീപദവി പഠനം നടത്തിയതിന്റെ റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും പദ്ധതി പ്രവർത്തനം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കാത്തതിനാൽ ചെലവ് തുക ₹60195 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജന്റർ റിസോഴ്സ് സെന്ററിന്റെയും സ്ത്രീപദവി പഠനത്തിന്റെയും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി- വിവരം ലഭ്യമാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ. ഉ. (കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ തീയതി ഖണ്ഡിക 6.5.1 ൽ സംരംഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (8/07-08-2023) മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള സംരംഭകത്വ-തൊഴിൽ വികസന കൗൺസിലും, തദ്ദേശ സ്ഥാപന തല സാങ്കേതിക സമിതിയും 21-03-2023 തീയതിയിലെ 73/2023(12) നമ്പർ തീരുമാന പ്രകാരം രൂപീകരിച്ചിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റികളുടെ മിനുട്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

## 1-28 പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള അംഗീകരിച്ച സർക്കാരിന്റെ 19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയിരുന്നോ എന്ന് അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (09/09-08-2023) ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഗുണനിലവാര പരിശോധന നടത്താറുണ്ടെന്നും, ബ്ലോക്ക് തലത്തിൽ പരിശോധനാ സംവിധാനങ്ങൾ ഒരുക്കി വരുന്നുണ്ടെന്നും ലാബ് സംവിധാനം പൂർണ്ണസജ്ജമായാൽ കൂടുതൽ മികവോടെ ഗുണനിലവാരപരിശോധന നടത്തുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധന നടത്തേണ്ടതാണ്.

## 1-29 ഞാലിൽ അത്തോളിമ്മൽ റോഡ് ടാറിങ് പ്രവൃത്തി- ബിൽ തുക നൽകിയതിൽ

## കാലതാമസം

| പ്രൊജക്ട് നം/ പേര്/ എം ബുക്ക് നം | അടങ്കൽ /ഫണ്ട് ഇനം | കരാറുകാരന്റെ പേര്, എഗ്രിമെന്റ് തീയതി, പ്രവൃത്തിമൂല്യം | ബിൽ നം/തീയതി |
|---|---|---|---|
| 38/23 ഞാലിൽ അത്തോളിമ്മൽ റോഡ് ടാറിങ്ങ് (S/o) ,28/17-18 | വികസന ഫണ്ട് സി എഫ് സി: ₹400000<br>തനത് ഫണ്ട്: ₹100000<br>റോഡ് സംരക്ഷണ ഗ്രാന്റ് : ₹100000<br>ആകെ : ₹600000 | മാൽക്കോസ് (മാങ്ങാട്ടിടം ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി )AE/LSGD/CPBA/28/17-18 /16-12-2017 ₹598538 | 17220452010601377953/ 31-03-2018 ₹400000 (വികസന ഫണ്ട് സി എഫ് സി)<br>22220452010600259705/ 01-07-2022 (റോഡ് സംരക്ഷണ ഗ്രാന്റ് ) ₹98538<br>തനത് ഫണ്ട് വിഹിതം 100000/- രൂപയും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് വൗച്ചറുകൾ ഫയലിൽ ലഭ്യമല്ല. |

മേൽ പ്രവൃത്തി ഏറ്റെടുത്ത കരാർ ഏജൻസി മാൽക്കോസ് ( മാങ്ങാട്ടിടം ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി) കരാർ പ്രകാരം കാലാവധിക്കുള്ളിൽ (31-03-2018) തന്നെ റോഡ് ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിച്ച ഫൈനൽ ബിൽ സമർപ്പിച്ചിരുന്നു. ആയതു പ്രകാരം കരാറുകാരന് നൽകുവാനുള്ള ആകെ തുക 598538 രൂപയിൽ വികസന ഫണ്ട് സി എഫ് സി വിഹിതം 400000രൂപ ബിൽ നമ്പർ 17220452010601377953/31-03-2018 പ്രകാരം കരാറുകാരന് 2017-18 ൽ നൽകിയിട്ടുണ്ട്. തനതു ഫണ്ട് വിഹിതമായ തുക 100000രൂപ എം ബുക്കിൽ നൽകുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ തുക നൽകിയതിന്റെ രേഖകൾ വൗച്ചറുകൾ എന്നിവ ലഭ്യമല്ല. മേൽ തുക കിഴിച്ച കരാറുകാരന് നൽകവാനുള്ള ബാക്കി തുക 100000രൂപ 2017-18 വർഷം നൽകിയിട്ടില്ല. പദ്ധതി സ്പിൽ ഓവർ ആയി തുടർന്ന് കൊണ്ട് പോവുകയും 5 വർഷത്തിന് ശേഷമാണ് ബാക്കി തുക സംരക്ഷണ ഗ്രാന്റിൽ നിന്നും 2022-23 വർഷമാണ് നൽകിയത്. ഇതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (25/09-08-2023) പ്രവൃത്തി പൂർത്തീകരിച്ച സമയത്ത് മുഴുവൻ ഫണ്ടും ലഭ്യമായിരുന്നില്ലെന്നും, തുടർ വർഷങ്ങളിൽ ബാക്കി തുക നല്കാൻ പ്രോജക്ട് വച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം 2022-23 വർഷം മാത്രമാണ് തുക നല്കാൻ സാധിച്ചതെന്നും ഇത് ബോധപൂർവ്വമല്ലാതെ പറ്റിയ തെറ്റാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് എഗ്രിമെന്റിന്റെ ഭാഗം ആക്കുന്നില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.12.2(3) പ്രകാരം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡ്, പാലം, കെട്ടിടം അടക്കമുള്ള നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ, 25.11.2019 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 161/2019/ഫിൻ പ്രകാരമുള്ള 'Defect Liability Period' നിർബന്ധമാക്കേണ്ടതാണ്. എന്നാൽ കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റുകളിലൊന്നും 'Defect Liability Period' ചേർത്തിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം 'Defect Liability Period' എഗ്രിമെന്റിൽ ചേർക്കാത്തതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (20/09-08-2023) സെലക്ഷൻ നോട്ടീസിൽ Defect Liability Period ചേർത്തിട്ടുണ്ടെന്നും എഗ്രിമെന്റിൽ ചേർക്കാൻ വിട്ടുപോയതാണെന്നും ഓഡിറ്റ് നിർദ്ദേശം ഇനി മുതൽ പാലിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് എഗ്രിമെന്റിന്റെ ഭാഗം ആയി ഉൾപ്പെടുത്തുവാൻ ഭാവിയിൽ കരാർ ചമക്കുന്ന വേളയിൽ

ശ്രദ്ധിക്കേണ്ടതാണ്.

## 1-31 റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് 10% ഷ്രെഡഡ് പ്ലാസ്റ്റിക് -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ) നം3119/2016/തസ്വഭവ തീയതി 17.11.2016 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് 10% ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം നടപ്പിലാക്കിയ റോഡ് ടാറിങ് റീ ടാറിങ് പ്രവർത്തികളിൽ ഒന്നിലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല. ആയതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/08-08-2023) പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള Mixed Seal Surfacing (MSS) ഡാറ്റയിൽ ഷ്രെഡഡ് പ്ലാസ്റ്റിക്, ടാറിന്റെ കൂടെ ഉപയോഗിക്കാനുള്ള മോഡിഫിക്കേഷൻ ഇതുവരെ നടത്തുകയോ അംഗീകാരം നല്കുകയോ ചെയ്തിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-32 സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല

തദ്ദേശസ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവൽസര പദ്ധതി രൂപവത്കരണത്തിന് മുന്നോടിയായി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വികസന രേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 26.11.2021 ലെ സ.ഉ(കൈ) നം.275/2021/ത.സ്വ.ഭ.വ പ്രകാരം നൽകിയിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമാണ് പ്രൊജക്റ്റ് നിർദ്ദേശങ്ങൾ നൽകേണ്ടത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/08-08-2023) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പദ്ധതി രൂപവത്കരണത്തിന് മുന്നോടിയായി സമഗ്രമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടപ്രകാരമുള്ള ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.7 പ്രകാരം പൊതുമരാമത്ത് പണികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതത് പണിസ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17 (3)ൽ നിർദേശിച്ചിട്ടുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.
പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതും പ്രസ്തുത നോട്ടീസിൽ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യം അടങ്ങിയിരിക്കേണ്ടതുമാണ്.
അതായത് -

(1) പണിയുടെ പേര്

(Ii) പണി ചെയ്യിക്കുന്നത് കരാർ വ്യവസ്ഥയിലോ, പഞ്ചായത്ത് നേരിട്ടോ, ഗുണഭോക്തൃസമിതി മുഖേനയോ എന്ന്

(Iii) കരാറുകാരന്റെ, അല്ലെങ്കിൽ ഗുണഭോക്തൃ സമിതി കൺവീനറുടെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും പേരും മേൽവിലാസവും

(Iv) എസ്റ്റിമേറ്റ് തുകയും കാലാവധിയും;

(V) പണി തുടങ്ങിയ തീയതിയും ചെയ്തു തീർക്കേണ്ട തീയതിയും;

(Vi) എസ്റ്റിമേറ്റിൽ പറയുന്ന സാധനസാമഗ്രികളുടെ വിവരണവും, ഗുണമേൻമയും അളവുകളും വിലയും, സാധനങ്ങൾ എവിടെ നിന്നും, എങ്ങനെ പണിസ്ഥലത്തേക്ക് കൊണ്ടുവരുന്നു എന്നും

(Vii) കരാറുകാരന് അനുവദിച്ച് ടെൻഡർ നിരക്ക്;

(Viii) പഞ്ചായത്ത് നേരിട്ട് പണി ചെയ്യിക്കുന്നതും ഗുണഭോക്തൃ സമിതി മുഖേന പണി ചെയ്യിക്കുന്നതുമായ സംഗതിയിൽ, അനുവദിച്ച കമ്പോളവില, പണിക്കുവേണ്ടി നിയോഗിക്കുന്ന പണിക്കാരുടെ എണ്ണം, പണിക്കൂലി, നിരക്ക് മുതലായവ

(Ix) പണിക്കുവേണ്ടി നൽകിയ മുൻകൂർ തുകയുടേയും മറ്റ് ആനുകൂല്യങ്ങളുടേയും വിവരങ്ങൾ

മേൽ വിവരങ്ങൾ അടങ്ങിയ ഡിസ് പ്ലേ ബോർഡുകൾ നിലവിൽ സ്ഥാപിക്കുന്നുണ്ടോ എന്ന് അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/09-08-2023) 2022-23 വർഷം ബോർഡുകൾ സ്ഥാപിച്ചിട്ടില്ലന്നും ഇനി മുതൽ ബോർഡുകൾ സ്ഥാപിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-34 തനത് വരുമാനം-അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം ചുവടെ ചേർക്കുന്നു.

01.04.2022 മുതൽ 31.03.2023 വരെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15 യോഗങ്ങൾ നടന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്ന് പരിശോധിച്ച് ഉറപ്പാക്കിയതായി കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. താരതമ്യേന റവന്യൂ വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തായതിനാൽ വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ തൊഴിൽ നികുതി, വസ്തുനികുതി നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടക എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ .

I)തൊഴിൽ നികുതി – സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽ, മരാമത്ത് കരാറുകാർ, മറ്റ് കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നു. 31.10.2017 തീയതിയിലെ സ.ഉ.(പി.)നം.78/2017/തസ്വഭവ ഉത്തരവ് (1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം നം. 4-ലെ ഭേദഗതി ഉത്തരവ്) പ്രകാരം തൊഴിൽ നികുതി അടവുക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ശുപാർശ ചെയ്യുന്നുണ്ട്. ആയതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

II)വസ്തു നികുതി – സ.ഉ(കൈ)നം.77/2023/തസ്വഭവ,22.03.23 പ്രകാരം 01.04.23 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വിജ്ഞാപനം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ ഭരണസമിതി അംഗീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിൽ IKM സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്ത 5 % അധിക നികുതിയാണ് ഈടാക്കുന്നത്. പുതുക്കിയ വസ്തു നികുതി നിരക്ക് സംബന്ധിച്ച കരട് വിജ്ഞാപനം 12-06-2023 ന് ഗ്രാമ പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും (16/05/2023 ലെ നം.120/2023 ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം) ആയത് അന്തിമമാക്കിയിട്ടില്ല. പൊതുജനാഭിപ്രായം ആരാഞ്ഞതിനു ശേഷം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്ന് കരട് വിജ്ഞാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം അന്തിമമാകുന്നതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

നോൺ റസിഡൻഷ്യൽ കെട്ടിട ഉടമകളിൽ നിന്നും ഭീമമായ വസ്തു നികുതി കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു(തൻ വർഷ വസ്തുനികുതി കുടിശ്ശിക - ₹3,88,010 ,മുൻ വർഷങ്ങളിലെ കുടിശ്ശിക - ₹23,562) വസ്തു നികുതി കുടിശ്ശിക പിഴ സഹിതം (1994 ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (ഇ) കാണുക) ഈടാക്കുവാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക- 1-13 കാണുക).

III)ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ് – ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3-01-2023 ലെ യോഗ തീരുമാനം നം.5/2023 പ്രകാരം “പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങാതെ നിരവധി കെട്ടിടങ്ങൾ പണി കഴിപ്പിച്ചിട്ടുണ്ടെന്നും കൂടുതലും നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് തന്നെ പണി കഴിപ്പിച്ചവയാണെന്നും ആയതിനാൽ അത്തരം കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു” .ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ,സഞ്ചയ സോഫ്റ്റ് വെയറിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ എന്നിവ പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ആകെ 2 അനധികൃത നിർമ്മാണങ്ങളാണുള്ളത് (കെട്ടിട നമ്പർ - 5/148B,പാർപ്പിടാവശ്യം, ധനിഷ ദാസൻ, ഒ ജിഗേഷ്, കെട്ടിട നമ്പർ-15/154/a, പാർപ്പിടാവശ്യം, വയലമ്പ്രോൻ സതി). 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 347 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV)എഫ് ടി ഇ& ഒ എസ് ലൈസൻസ് ഫീസ് – ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സംരംഭ പ്രവർത്തനങ്ങൾക്കും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും സ്ഥാപനങ്ങളിൽ നിന്നും എഫ് ടി ഇ& ഒ എസ് ലൈസൻസ് ഫീസ് ചട്ടത്തിൽ നിഷ്കർഷിക്കും പ്രകാരമാണോ ഈടാക്കുന്നതെന്നും പരിശോധന വിധേയമാക്കാവുന്നതാണ്. (ഖണ്ഡിക - 1-15 കാണുക)

V)കെട്ടിട വാടക വരവ് – ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, കടമുറികൾ എന്നിവ വാടകയ്ക്ക് നൽകുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) എന്നിവ പ്രകാരം ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ സർക്കാർ അംഗീകൃത വാടക ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബൈലോയുടെ അഭാവത്തിൽ വാടകക്കാരിൽ നിന്നും വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്/ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ വാടക ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും വാടക ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയത് തയ്യാറാക്കി സർക്കാർ അംഗീകാരം നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്

VI) 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD (ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശിപാരശകൾ – ശിപാർശ നം. 30(v) സാമ്പത്തിക മാനേജ്മന്റിന്റെ ക്രമമായ പുരഗോതിയ്ക്കായി നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്) പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള രജിസ്റ്ററുകൾ തയ്യാറാക്കി കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം

ഗ്രാമപഞ്ചായത്ത് 2018-19 വർഷംമുതൽ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക നൽകിയതിന്റെ വിവരങ്ങൾ പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. അവയിൽ ഏജൻസികളുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്യാത്തവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ / | നിർവ്വഹണ | ഡെപ്പോസിറ്റ് | ഡെപ്പോസിറ്റ് ചെയ്ത | നിർവ്വഹണ | തുക തിരിച്ച | ക്രമീകരിക്കാൻ |
|---|---|---|---|---|---|---|---|

| | പ്രവൃത്തി യുടെ പേര് | ഏജൻസി | ചെയ്ത തുക | വർഷം/ എഗ്രിമെന്റ് നം/തീയ്യതി | ഏജൻസി വിനിയോഗിച്ച തുക | കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | തൊണ്ടിലേരി ലക്ഷം വീട് കോളനിയിൽ കുഴൽക്കിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ₹275000 | 2021-22 എഗ്രിമെന്റ് ഇല്ല | ₹63309 | ഇല്ല | ₹211691 കുടിവെള്ള പദ്ധതിക്കായി മാറ്റി വെച്ചു |
| 2 | പതിനാലാം മൈൽ തയ്യിൽമുക്ക് കുഴൽക്കിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ₹10000 | 2021-22 എഗ്രിമെന്റ് ഇല്ല | - | - | ₹10000 |
| | ആകെ | | ₹285000 | | ₹63309 | ഇല്ല | ₹221691 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തദ്ദേശ സ്ഥാപനത്തിനു നൽകേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ ആയി നൽകാവൂ. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പാക്കേണ്ടതുണ്ട്. വിവിധ പ്രവൃത്തികൾക്കായി ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് ഭൂജല വകുപ്പിന് തുക കൈമാറിയപ്പോൾ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകുമ്പോൾ കരാർ ചമക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 09-08-2023, 10-08-2023 | കെ.എസ്.എ./കെ.എൻ.ആർ. |

| | | |
|---|---|---|
| | | /സി.8/1324/2023 തീയതി: 27.09.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2022-23 | 222307 | സ്വാന്തന പരിചരണം (പ്രോജക്ട് നം-27/23) | 222307 | 0 |
| | 2022-23 | 200000 | സ്ത്രീകളുടെ ഫിറ്റ്നസ് സെന്റർ സജ്ജീകരണവും ഉപകരണങ്ങൾ വാങ്ങലും (പ്രോജക്ട് നം-123/23) | 200000 | 0 |
| | 2022-23 | 120000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം പ്രോജക്ട് നം-125/23) | 120000 | 0 |
| | | 150000 | പാലിന് ഇൻസെന്റീവ് പ്രോജക്ട് നം-208/23) | 150000 | |
| ആകെ | | 692307 | | 692307 | |
| കൂത്തുപറമ്പ്ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 99491 | സ്വാന്തന പരിചരണം (പ്രോജക്ട് നം-27/23) | 99491 | 0 |
| | 2022-23 | 100000 | അങ്കണവാടി പോഷകാഹാര വിതരണം (പ്രോജക്ട് നം-28/23) | 100000 | 0 |
| | | 40000 | ലൈഫ് മിഷൻ ഭവന പദ്ധതി, ജനറൽ (പ്രോജക്ട് നം-65/23) | 40000 | 0 |
| | | 104894 | ലൈഫ് മിഷൻ ഭവന പദ്ധതി, എസ്.സി (പ്രോജക്ട് നം-206/23) | 104894 | |
| | | 260000 | ലൈഫ് മിഷൻ ഭവന പദ്ധതി, എസ്.ടി (പ്രോജക്ട് നം-68/23) | 260000 | |
| | | 400000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം പ്രോജക്ട് നം-125/23) | 400000 | |
| | | 25000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (പ്രോജക്ട് നം-200/23) | 25000 | |
| | | 538826 | പാലിന് ഇൻസെന്റീവ് പ്രോജക്ട് നം-208/23) | 538826 | |
| | | 310773 | ഗോത്ര സാരഥി പദ്ധതി | 310773 | |

| | | | | | |
|---|---|---|---|---|---|
| | | | (പ്രോജക്ട് നം-114/23) | | |
| ആകെ | | 1878984 | | 1878984 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ (പ്രൊജക്ട് നം-2/23) | 1)22200859/22-03-2023 ₹843604<br>2)22200858/22-03-2023 ₹648068 | 1491672 | 1491672 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി HUDCO | സ.ഉ (എം.എസ്) നം.2278/2018/ ത.സ്വ.ഭ.വ/ 18-8-2018 | 12500000 | 9903998 | 1283825 | | 8620173 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 20000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ചത് | 5000000 |
| ആകെ | 5020000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 5020000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | കണ്ണവം സർവീസ് സഹകരണ ബാങ്ക്,<br>FD നമ്പർ 77/2022-23/15-11-2022, പലിശ നിരക്ക്-7.75% | 15-11-2023 | 5000000 |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് സൊസൈറ്റി,<br>ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4462/27-6-2015 | | 20000 |
| | ആകെ | | 5020000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | അവലോകന റിപ്പോർട്ട് | - | ഫ്രണ്ട് ഓഫീസ് പ്രവർത്തനം | പരാമർശം നില നിൽക്കുന്നു. |
| 2012-13 | 2-4 | അവലോകന റിപ്പോർട്ട് | - | പഞ്ചായത്ത് ലൈബ്രറിയുടെ നടത്തിപ്പ് | പരാമർശം നില നിൽക്കുന്നു. |
| 2015-16 | 3.6.2 | അവലോകന റിപ്പോർട്ട് | - | എസ്.സി/എസ്.ടി വാസമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല. | പരാമർശം നില നിൽക്കുന്നു. |
| 2015-16 | 3.7.2 | അവലോകന റിപ്പോർട്ട് | - | കൃഷി/മൃഗസംരക്ഷണം | പരാമർശം നില നിൽക്കുന്നു. |
| 2015-16 | 3-7-13 | അവലോകന | - | പദ്ധതി മാർഗരേഖ | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | | റിപ്പോർട്ട് | | അവഗണിച്ചു. | നില നിൽക്കുന്നു. |
| 2016-17 | 2 | 2014-15<br>2015-16 | 2-3<br>2-1 | തൊഴിൽ നികുതി | പരാമർശം നില നിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 41684990 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 41412511 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2659237 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-17 | 349555 | ശ്രീമതി. ബിന്ദു. ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-18 | 35797 | ശ്രീമതി. ബിന്ദു. ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 132150 | ശ്രീ. മാത്യു കെ. എം, സെക്രട്ടറി |
| 1-20 | 1424228 | ശ്രീ. മാത്യു കെ. എം, സെക്രട്ടറി |
| 1-21 | 177000 | ശ്രീ. മാത്യു കെ. എം, സെക്രട്ടറി |
| 1-22 | 100000 | ശ്രീ. മാത്യു കെ. എം, സെക്രട്ടറി |
| 1-23 | 80312 | ശ്രീ. മാത്യു കെ. എം, സെക്രട്ടറി |
| 1-24 | 300000 | ശ്രീ. സാരംഗ് പി.കെ., വി.ഇ.ഒ. |
| 1-26 | 60195 | ശ്രീമതി ടി. ബിന്ദു, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | 2659237 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബിന്ദു. ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | താമരന്റവിട, വില്ല്യാപ്പള്ളി, പി.ഒ.വടകര 673542 |
| ശ്രീ. മാത്യു കെ. എം, സെക്രട്ടറി | സെക്രട്ടറി , ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | കാരിക്കാട്ടിൽ ഹൗസ്, പൊന്ന്യം വെസ്റ്റ് പി.ഒ എരഞ്ഞോളി |
| ശ്രീ.സാരംഗ് പി.കെ, വി.ഇ.ഒ മാനന്തരി | വി.ഇ.ഒ., ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത് | സരിഗ നിവാസ്, കിരാച്ചി, പട്ടുവിലായി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09, 2009-10, 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.8/1323/2022 തീ.20.09.2022 | 1 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ /സി8/114/22 തീ.8-6-2022 | 13 |
| 2020-21 | കെ.എസ്,എ/കെ.എൻ.ആർ/സി.8/113/22 തീ.28-6-2022 | 22 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1237/22 | 15 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 162/2023 dated 30-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chittariparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chittariparamba Grama Panchayat for the year 2022-2023

Date: 27/09/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Chittariparamba Grama Panchayat for the Year 2022-2023.

**1.Major Observations**

1. B-1 Schedule of the Annual Financial Statements is not submitted.

2. Net increase / decrease in cashflow does not match with the difference between the opening balance and closing balance of
cash and cash equivalents.

3. PresidentÂÂs distress relief fund expenditure is not included in the Receipt & Payment statement.

**2.Other Observations**

1. Mandatory financial statements such as Ratios prescribed in accounting rules is not submitted for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Chittariparamba Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24798948.00 |
| Cash | Cash | RP-40(a) | 78788.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1640690.00 |
| 140000000 | Fees & User Charges | RP-4 | 667817.00 |
| 150000000 | Sale & Hire Charges | RP-5 | 238924.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11955999.00 |
| 171000000 | Interest Earned | RP-9 | 434006.00 |
| 210000000 | Establishment Expenses | RP-12 | 10859.00 |
| 311000000 | Earmarked Funds | RP-28 | 38236.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18195199.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7817056.00 |
| 460000000 | Loans, Advances and Deposits | RP-49 | 45000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 44465.00 |
| 340000000 | Deposits Received | RP-33 | 74989.00 |
| 350000000 | Other Liabilities | RP-35 | 521750.00 |
| | Grand total | | 66562726.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 4000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 144565.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3466509.00 |
| 460000000 | Loans, Advances and Deposits | RP-49 | 261000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 17045.00 |
| 350000000 | Other Liabilities | RP-35 | 37519392.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25108609.00 |
| Cash | Cash | RP-40(b) | 41606.00 |
| | Grand Total | | 66562726.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| |
|---|
| Chittariparamba Grama Panchayat<br>INCOME & EXPENDITURE STATEMENT |

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6513660.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 86316.00 |
| 140000000 | Fee & User Charges | I-4 | 1025767.00 |
| 150000000 | Sale & Hire Charges | I-5 | 238924.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164339337.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 434006.00 |
| 180000000 | Other Income | I-9 | 44465.00 |
| 190000000 | Prior Period Income | I-19 | 2747225.00 |
| | Total Income | | 172682475.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12392541.00 |
| 220000000 | Administrative Expenses | I-11 | 879590.00 |
| 230000000 | Operations & Maintenance | I-12 | 987641.00 |
| 240000000 | Interest & Finance Charges | I-13 | 1619.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6353016.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 26715241.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6948372.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 55821884.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 56683000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 778431.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 29660227.00 |
| | Total Expenditure | | 197221562.00 |
| | Gross Surplus / Deficit of income over Expenditure | | -24539087.00 |
| | Gross Surplus / Deficit of income over Expenditure | | -27286312.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 2747225.00 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| Chittariparamba Grama Panchayat<br>BALANCE SHEET | | | |
| As on 31-March-2023 | | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -56951782.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15053.00 |
| 312000000 | Reserves | B-3 | 64838989.00 |
| | Total Reserve & Surplus | | 7902260.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16505488.00 |
| | Total Grants, Contributions for Specific Purposes | | 16505488.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8620173.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 8620173.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 695062.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1979208.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2674270.00 |
| | TOTAL LIABILITIES | | 35702191.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 618142.00 |
| 412000000 | Capital Work in Progress | B-11(b) | 1133697.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 69885.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 3183187.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 102721265.00 |

| | | | |
|---|---|---|---|
| | | | |
| 416000000 | Accumulated Depreciation | B-11(a) | -111752204.00 |
| | Total Fixed Assets | | -4026028.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5020000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 5020000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3858472.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 25150215.00 |
| 460000000 | Loans, Advances and Deposits | B-18 | 5699532.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 34708219.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 35702191.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.